# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ഫെബ്രുവരി 18**

---

## സമൂഹത്തിന് വേണ്ടത് നൽകാൻ സർവകലാശാലകൾക്ക് കഴിയണം -ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ

*സമൂഹത്തിന്റെ ആവശ്യങ്ങൾ അറിഞ്ഞുള്ള പഠന, ഗവേഷണ പ്രവർത്തനങ്ങൾക്ക് സർവകലാശാലകൾ മുൻഗണന നൽകണമെന്ന് മഹാത്മാ ഗാന്ധി സർവകലാശാലാ ചാൻസലറായ സംസ്ഥാന ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ പറഞ്ഞു. മഹാത്മാ ഗാന്ധി സർവകലാശാലയിൽ സിൻഡിക്കേറ്റ് അംഗങ്ങളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം.*

*സർവകലാശാലകളുടെ എല്ലാ പ്രവർത്തനങ്ങളും പൊതു സമൂഹത്തിന് ഗുണകരമാകുന്ന രീതിയിലായിരിക്കണം. ഇതനുസരിച്ച് പാഠ്യപദ്ധതി ചിട്ടപ്പെടുത്തുന്നതിനുള്ള അനന്ത സാധ്യതകൾ ദേശീയ വിദ്യാഭ്യാസ നയത്തിലുണ്ട്. അത് പ്രയോജനപ്പെടുത്താൻ കഴിയണം.*

*മക്കൾ പഠിച്ച് മികച്ച ജോലി നേടണം എന്നാണ് ഭൂരിഭാഗം മാതാപിതാക്കളും ആഗ്രഹിക്കുന്നത്. എന്നാൽ തൊഴിൽ അന്വേഷകരെ സൃഷ്ടിക്കുന്നതിനു പകരം വിദ്യാർഥികളെ തൊഴിൽ ദാതാക്കളാക്കി വളർത്താൻ കഴിയുന്ന രീതിയിലുള്ള മാറ്റം ആവശ്യമാണ്.*

*ലോകമെങ്ങും അറിയുന്ന മഹാത്മാ ഗാന്ധിയുടെ പേരിലുള്ള ഈ സർവകലാശാലയ്ക്ക് പല മേഖലകളിലും മാതൃകകൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. മികച്ച അടിസ്ഥാന സൗകര്യങ്ങളും ഇവിടെയുണ്ട്. ഈ സാധ്യതകൾ പ്രയോജപ്പെടുത്തി കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ പരിശ്രമിക്കണം-ഗവർണർ നിർദേശിച്ചു.*

*വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ എന്നിവരും സന്നിഹിതരായിരുന്നു. രാവിലെ സർവകലാശാലയിലെത്തിയ ഗവർണറെ വൈസ് ചാൻസലറുടെ നേതൃത്വത്തിൽ സ്വീകരിച്ചു. ജില്ലാ കളക്ടർ ജോൺ വി. സാമുവൽ, ജില്ലാ പോലീസ് മേധാവി എ. ഷാഹുൽ ഹമീദ്,*

*സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ എന്നിവരും സന്നിഹിതരായിരുന്നു. ഗാന്ധി പ്രതിമയിൽ ഗവർണർ പുഷ്പാർച്ചന നടത്തി.*

*ഇൻർ യൂണിവേഴ്സിറ്റി ഇൻസ്ട്രുമെന്റേഷൻ സെന്റർ, ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെന്റർ, ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സ്റ്റഡീസ് ഇൻ സയൻസ് ഓഫ് മ്യൂസിക്, ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ്, എം.ജി.യു ഇന്നവേഷൻ ഫൗണ്ടേഷൻ എന്നിവിടങ്ങളിൽ സന്ദർശനം നടത്തിയ ഗവർണർ പ്രവർത്തനങ്ങൾ വിലയിരുത്തി. കായിക മേഖലയിലെ സർവകലാശാലയുടെ നേട്ടങ്ങൾ, യുണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജിന്റെ പ്രവർത്തനങ്ങൾ, ഇന്ത്യൻ നോളജ് സിസ്റ്റം എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങളും ഗവർണർക്കു മുന്നിൽ അവതരിപ്പിച്ചു.*

**ഫോട്ടോ ക്യാപ്ഷൻ..**

GOVERNOR VISIT 1

***മഹാത്മാ ഗാന്ധി സർവകലാശാലയിൽ സന്ദർശനത്തിനെത്തിയ സർവകലാശാലാ ചാൻസലറായ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കറെ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ സ്വീകരിക്കുന്നു. ജില്ലാ കളക്ടർ ജോൺ. വി. സാമുവൽ, ജില്ലാ പോലീസ് മേധാവി എ. ഷാഹുൽ ഹമീദ്, സർവകലാശാലാ സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ എന്നിവർ സമീപം.***

GOVERNOR VISIT 2

GOVERNOR VISIT 3

***മഹാത്മാ ഗാന്ധി സർവകലാശാലയിൽ സന്ദർശനത്തിനെത്തിയ സർവകലാശാലാ ചാൻസലറായ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ സിൻഡിക്കേറ്റ് അംഗങ്ങളുമായി സംവദിക്കുന്നു. വൈസ് ചാൻസലർ ഡോ.സി.ടി. അരവിന്ദകുമാർ, രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ എന്നിവർ സമീപം.***

***(പി.ആർ.ഒ/39/1322/2025)***

## ഡി.എൽ.എൽ.ഇ, യു3എ കാലഘട്ടത്തിന്റെ ആവശ്യം-ഗവർണർ

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലൈഫ് ലോംഗ് ലേണിംഗിന്റെയും(ഡി.എൽ.എൽ.ഇ) യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജിന്റെയും(യു3എ) പ്രവർത്തനം മാതൃകാപരമാണെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ പറഞ്ഞു. മഹാത്മാ ഗാന്ധി സർവകലാശാലയിലെ സന്ദർശനത്തിനിടെ രണ്ടു കേന്ദ്രങ്ങളുടെയും പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവതരണത്തോടനുബന്ധിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.*

*മുതിർന്ന പൗരൻമാരുടെ മികവും വൈദഗ്ധ്യവും സമൂഹത്തിനായി പ്രയോജനപ്പെടുത്തുകയും അവർക്ക് സന്തോഷകരമായ ജീവിതം ഉറപ്പാക്കുകയും ചെയ്യുന്ന സംവിധാനങ്ങൾ കാലഘട്ടത്തിന്റെ ആവശ്യമാണ്. യോഗ, ആർട്ട് ഓഫ് ഹാപ്പിനെസ്, ഓർഗാനിക് ഫാമിംഗ് തുടങ്ങി ഡി.എൽ.എൽ.ഇ നടത്തുന്ന പരിശീലന പരിപാടികൾ വേറിട്ടവയാണ്.*

*ഇനി സന്ദർശിക്കുന്ന സ്ഥലങ്ങളിൽ ഈ കേന്ദ്രങ്ങളെക്കുറിച്ച് തീർച്ചയായും പറയും-അദ്ദേഹം വ്യക്തമാക്കി.*

*(പി.ആർ.ഒ/39/1323/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**